## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.274 — 12.01.2021 ൽ മറുപടിക്ക്

### ചാലക്കുടി താലൂക്ക് ആശുപത്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി: | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | 2018 ലെ മഹാപ്രളയത്തിൽ പൂർണ്ണമായും വെള്ളം കയറി വലിയ നാശനഷ്ടങ്ങൾ സംഭവിച്ച ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ എന്തെല്ലാം പുനരുദ്ധാരണ, നവീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | 2018 ലെ മഹാപ്രളയത്തിനുശേഷം ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്,<br>1. പ്രളയത്തിൽ നശിച്ച ഒ പി ബ്ലോക്കിന്റെ നവീകരണം, ഡ്രൈനേജ് സിസ്റ്റം നടപ്പാക്കി (1 കോടി 24 ലക്ഷം രൂപ)<br>2.സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു, (74 ലക്ഷം രൂപ).<br>3.വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ ടൈൽ സ്ഥാപിച്ചു. (മുൻസിപ്പാലിറ്റി ഫണ്ട്)<br>4.തകർന്ന ആംബുലൻസ് ഷെഡ് ശരിയാക്കി (എൻ എച്ച് എം ഫണ്ട് )<br>5. സി ടി സ്കാൻ പ്രവർത്തനം ആരംഭിച്ചു. (100,40,850/-)<br>6.മെഡിക്കൽ ഐ സി യു യൂണിറ്റ് ആരംഭിച്ചു.(സി എസ് ആർ ഫണ്ട്)<br>7. പവർ ലോണ്ടറി ആരംഭിച്ചു. (8,99,760/-)<br>8.സി എസ് എസ് ഡി - സിവിൽ വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. (24 ലക്ഷം)<br>9. ട്രോമാ കെയറിന്റെയും സർജിക്കൽ വാർഡിന്റെയും സിവിൽ വർക്കുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചു.(4,10,00,000/- നബാർഡ് ഫണ്ട്). |
| (ബി) | ചാലക്കുടി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ആർദ്രം മിഷന്റെ ഭാഗമായി നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ക്രമീകരിക്കുകയാണ് ലക്ഷ്യമിടുന്നത്. ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയും , ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രിയുമാണ് ലക്ഷ്യമിടുന്നത്. ആർദ്രം മിഷന്റെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്താൻ ഉദ്ദേശിക്കുന്ന തെരഞ്ഞെടുത്ത താലൂക്ക് തല ആശുപത്രികളിൽ ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | ചാലക്കുടി താലൂക്കാശുപത്രിയിൽ ഒരു സൈക്യാട്രിസ്റ്റിന്റെ സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ